# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## 2025–2026



## മയ്യനാട് എച്ച്.എസ്.എസ്

### മയ്യനാട്, കൊല്ലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാനത്ത് ഗുണപരമായ പല മാറ്റങ്ങൾക്കും കാരണമായി. ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ മുന്നോട്ടു പോയി. ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി പൊതുവിദ്യാലയങ്ങളിലെത്തി. കേരളീയ സമൂഹത്തിന് പൊതു വിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചു. സുസ്ഥിര വികസന സൂചികയിൽ കേരളത്തിന് മുന്നിലെത്താൻ കഴിഞ്ഞത് വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങളാണ്. എന്നാൽ നിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്ന കാര്യത്തിൽ ഇനിയും ഏറെ മുൻപോട്ട് പോകേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഈ വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യവും ഗുണമേന്മ യുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സമഗ്ര ഗുണമേന്മാ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. അക്കാദമിക് പ്രവർത്തനങ്ങൾ കൂടുതൽ മികച്ചതാക്കുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാനിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തി ഈ ലക്ഷ്യത്തിനായി കൂടുതൽ സമയം നീക്കി വയ്ക്കേണ്ടതുണ്ട്.

ജനാധിപത്യവും മതനിരപേക്ഷതയും വിദ്യാലയങ്ങളിൽ നിന്നുവേണം കുട്ടികളിൽ വികസിച്ചുവരേണ്ടത്. അങ്ങനെ നേടുന്ന അറിവ് തിരിച്ചറിവായി മാറണം. പാഠപുസ്തകങ്ങളിലെ അറിവ് മാത്രമല്ല അറിവ്. ചുറ്റുപാടുകളിൽ നിന്നും സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും കുട്ടി അറിവ് നേടുന്നുണ്ട്. വിവേചനബുദ്ധി,

സഹജീവിസ്നേഹം, വിമർശനബുദ്ധി, കാര്യകാരണബന്ധബോധം എന്നിവ കുട്ടികളിൽ വികസിച്ചു വരണം. ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നതുപോലെതന്നെ പ്രധാനമാണ് കുട്ടികളിൽ ഉണ്ടായി വരേണ്ടുന്ന സാമൂഹ്യബോധവും സഹകരണബോധവും. ദൗർഭാഗ്യകരമായ ചില സംഭവങ്ങൾ സംസ്ഥാനത്തെ ചില സ്കൂളുകളിലെ കുട്ടികൾക്കിടയിൽ നടക്കുകയുണ്ടായി. അതുപോലെ തന്നെ മയക്കുമരുന്നിന്റെ സ്വാധീനവും കുട്ടികൾക്കിടയിൽ കാണുന്നുണ്ട്. അതുകൊണ്ട് ഈ വർഷത്തെ സ്കൂൾ തല പ്രവർത്തനങ്ങൾ തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനിൽ മയക്കുമരുന്നിനെതിരായ പ്രവർത്തനങ്ങൾ, പരസ്പര സഹകരണം, റോഡ് നിയമങ്ങൾ, വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത കാമ്പസ്, ആരോഗ്യം, വ്യായാമം, പരസ്പര സഹകരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയത്. അതിനാൽ ലഹരി ഉപയോഗം പ്രതിരോധിക്കുക എന്ന ലക്ഷ്യം മുൻനിർത്തി വിവിധ ക്യാമ്പയിനുകളും ക്ലാസുകളും കുട്ടികൾക്ക് നൽകുന്നുണ്ട്. ഇത് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രഖ്യാപിത ലക്ഷ്യമാകയാൽ മുകളിൽ സൂചിപ്പിച്ച വിവിധ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുപോലെ ക്ലാസ് തല, വ്യക്തിഗത മാസ്റ്റർ പ്ലാനുകളും നിർമ്മിക്കേണ്ടതുണ്ട്. ലഹരി ഉപയോഗം, കമ്പ്യൂട്ടർ സാക്ഷരത, റോഡ് സുരക്ഷ തുടങ്ങിയ വിഷയങ്ങൾ പുതുക്കിയ പാഠപുസ്തകത്തിലെ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങളിലൂടെ നിരന്തരം കുട്ടികളെ ഓർമപ്പെടുത്തേണ്ടതുണ്ട്. വായന ഈ വർഷം മുതൽ കുട്ടികളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമാവുകയാണ്. വ്യക്തിഗത അനുഭവം എന്നതിനുപരി വായന കുട്ടികളുടെ മുഴുവൻ അറിവിന്റെയും സർഗാത്മക പ്രവർത്തനങ്ങ ളുടെയും ഭാഗമാകണം. ക്ലാസ് തല, വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ ഇതിനനുസരിച്ച് രൂപപ്പെടുത്തണം. എല്ലാ ദിവസവും ആദ്യ പീര്യഡിൽ നിശ്ചിത സമയം പത്രവാർത്തകൾ വായിക്കുന്നതിനും

വിശകലനം ചെയ്യുന്നതിനും ഉപയോഗിക്കണം. ശാരീരികവും മാനസികവുമായ വ്യായാമവും വിനോദവും കുട്ടികൾക്കാവശ്യമാണ്. സന്തോഷകരമായ 'മൂഡ്' കുട്ടികളിൽ നിലനിർത്താൻ കഴിയണം. അങ്ങനെ വന്നാൽ സന്തോഷത്തിനായി മറ്റ് ലഹരി വസ്തുക്കൾ അവർ തേടിപ്പോകാൻ പാടില്ല. ജീവിതമെന്ന ലഹരിയിലേക്ക് അവരെ കൈ പിടിച്ചുയർത്തണം. സൂംബ ഡാൻസ് ഉൾപ്പെടെയുള്ള നൃത്ത-വ്യായാമ മുറകൾ കുട്ടികളെ പരിശീലിപ്പിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

## സ്കൂളിന്റെ ചരിത്രം

കൊല്ലം ജില്ലയിൽ ചാത്തന്നൂർ സബ് ജില്ലയിൽ ഉൾപ്പെടുന്ന വിദ്യാലയമാണ് മയ്യനാട് ഹയർ സെക്കന്ററി സ്കൂൾ. 1914-ൽ പ്രവർത്തനം തുടങ്ങിയ ശാസ്താകോവിൽ എൽ പി എസ് മിഡിൽ സ്കൂളായി ഉയർത്തിയതാണ് ഈ വിദ്യാലയം. ലോവർ ഗ്രേഡ് ഇംഗ്ലീഷ് സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ കേരളചരിത്രത്തിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ച സി. കേശവനായിരുന്നു. കൊല്ലം ജില്ലയിൽ തന്നെ പ്രസിദ്ധമായ ആദ്യകാല ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഒന്നാണ് ഈ വിദ്യാലയം. കൊല്ലം, പരവൂർ, വർക്കല പ്രദേശങ്ങളിൽ അറിവിൽ നിന്നും അക്ഷരങ്ങളിൽ നിന്നും അകറ്റി നിർത്തിയിരുന്ന വലിയൊരു വിഭാഗം അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അത്താണിയായിരുന്ന വിദ്യാലയമാണിത്. 2000-ൽ ഹയർ സെക്കന്ററി വിദ്യാലയമായി ഉയർത്തപ്പെട്ടു. നൂറ്റാണ്ടിന്റെ നിറവിൽ തലയുയർത്തി നിൽക്കുകയാണ് മയ്യനാട് ഹയർസെക്കന്ററി സ്കൂൾ.

സാമൂഹിക ഉത്തരവാദിത്തവും മൂല്യബോധവുമുള്ള ഒരു തലമുറയെ പടുത്തുയർത്തുന്ന കാര്യത്തിൽ സദാജാഗരൂകരാണ് മയ്യനാട് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകർ. കുട്ടികളുടെ കൊഴിഞ്ഞു പോക്ക്, എണ്ണത്തിലെ കുറവ്, ഡിവിഷനുകൾ നഷ്ടപ്പെടൽ തുടങ്ങിയ വിഷയങ്ങൾ ഈ സബ്ജില്ലയിലെ പല വിദ്യാലയങ്ങളെയും ബാധിക്കുമ്പോൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ വിദ്യാലയത്തിൽ ഡിവിഷനുകൾ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. പാഠ്യ, പഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂളിനുണ്ടായ മികവാണ് ഈ മുന്നേറ്റത്തിന്റെ കാരണം.

പൊതുസമൂഹത്തിന്റെ വിശ്വാസമാർജിക്കുക എന്നത് പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാനമാണ്. തങ്ങളുടെ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ സുരക്ഷിതരായിരിക്കും എന്ന ബോധമാണ് ആദ്യം നേടിയെടുക്കേണ്ടത്. അതുപോലെ

തങ്ങളുടെ കുട്ടികളുടെ പാഠ്യേതരമായ കഴിവുകൾ തെളിഞ്ഞു കാണുന്നത് മാതാപിതാക്കളെ സന്തോഷിപ്പിക്കും. അത് മുന്നിൽ കണ്ടാണ് കരാട്ടെ, ക്വിസ്, ചെസ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നത്. പ്രഗൽഭരായ വ്യക്തികളുടെ ശിക്ഷണത്തിൽ ഈ വിഭാഗങ്ങളിൽ സംസ്ഥാന തലമത്സരങ്ങളിൽ പങ്കെടുക്കാനും സമ്മാനങ്ങൾ നേടാനും കുട്ടികൾക്ക് കഴിയുന്നു. സംഗീതം, നൃത്തം തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാനതലങ്ങളിൽ കുട്ടികൾ വിജയികളായി. ഫുഡ്ബോൾ, ഹാന്റ് ബോൾ അത്‌ലറ്റിക് വിഭാഗങ്ങളിൽ പരിശീലനം, നേവൽ, ആർമി എൻ.സി.സി, ലിറ്റിൽ കൈറ്റ്സ് എന്നിവയിൽ പരിശീലനം കൊടുക്കുന്നുണ്ട്. ഹരിതാഭമായ ക്യാമ്പസാണ് സ്കൂളിന്റെ ഏറ്റവും വലിയ ആകർഷണം. സജീവമായി പ്രവർത്തിക്കുന്ന പരിസ്ഥിതി/ ശുചിത്വക്ലബ്ബാണ് പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പതിനഞ്ച് വർഷത്തിലധികമായി ഉമയനല്ലൂർ ഏലായിൽ നെൽകൃഷി, സ്കൂളിൽ പച്ചക്കറികൃഷി, പരവൂർ കായലിൽ കണ്ടൽ വച്ചു പിടിപ്പിക്കൽ എന്നിവ നടന്നു വരുന്നു. ഔഷധത്തോട്ടവും ഉൾപ്പെടുന്ന ഒരു ജൈവവൈവിധ്യ തോട്ടം സ്കൂളിലുണ്ട്.

ക്ലാസ് മുറികളിൽ മൾട്ടി മീഡിയ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആയിരക്കണക്കിന് പുസ്തകങ്ങൾ ഉൾപ്പെടുന്ന ലൈബ്രറി, പ്രത്യേകം ഇംഗ്ലീഷ് ലൈബ്രറി (ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രത്യേകം ഊന്നൽ നൽകുന്നതിനായി) സയൻസ് ലാബുകൾ എന്നിവ പ്രവർത്തിക്കുന്നു. കുട്ടികളിലെ മാനസികമായ പിരിമുറുക്കങ്ങളും സംഘർഷങ്ങളും ലഘൂകരിക്കുന്നതിനായി കൗൺസിലിംഗ് ക്ലാസുകളും പ്രത്യേകം കൗൺസിലിംഗും സജ്ജീകരിക്കാറുണ്ട്. ക്ലാസ് റൂമുകൾ സാമൂഹ്യമായ പരിഛേദം കൂടിയാണ്. സ്കൂളിന്റെ പരിസരത്തായി നാലോളം സുനാമി പുനരധിവാസ ഫ്ളാറ്റുകളുണ്ട്. സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥയിൽ നിന്നും എത്തുന്ന കുട്ടികളെ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. അവരുടെ പ്രശ്നങ്ങൾ കേൾക്കേണ്ടതുമുണ്ട്. മയ്യനാട് സ്കൂൾ

അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണ്. ആവശ്യത്തിനു കൗൺസിലിംഗ് നടത്താനുള്ള വിദഗ്ധരുടെ അഭാവം ഒരു പ്രശ്നമായി നിലനിൽക്കുന്നു. എങ്കിലും ജില്ലാ ശിശുക്ഷേമസമിതിയുടെ സഹായത്തോടെ ഈ വിഷയം നേരിടാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

മെച്ചപ്പെട്ട കായിക പരിശീലനം നടത്താൻ കഴിയുന്നുണ്ട്. സ്കൂൾ സമയത്തിനുശേഷം ഹാന്റ് ബാൾ, ഫുഡ്ബാൾ എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

സ്കൂളിന്റെ പുരോഗതിയിൽ ഒപ്പം നിൽക്കുന്ന പി.ടി.എ.യും എസ്. എം. സിയുമാണ് സ്കൂളിന്റെ കരുത്ത്.

കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി 'സൃഷ്ടി' എന്ന പേരിൽ ഒരു പ്രിന്റഡ് ടാബ്ലോയ്ഡ് മാഗസിൻ സ്കൂളിൽ നിന്നും പുറത്തിറങ്ങുന്നുണ്ട്. ഒരു പ്രസിദ്ധീകരണം എങ്ങനെയാണ് പ്രിന്റ് ചെയ്ത് പുറത്തിറങ്ങുന്നതെന്ന് കുട്ടികൾ ഇതിലൂടെ മനസിലാക്കുന്നു. അവർ തന്നെയാണ് ഇതിന്റെ എല്ലാ ചുമതലകളും നിർവ്വഹി ക്കുന്നത്.

പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മുന്നിലേക്ക് കൊണ്ടു വരുന്നതിനായി ബി.ആർ.സി. തലത്തിൽ എല്ലാ സ്കൂളുകളെയും പങ്കെടുപ്പിച്ച് നടത്തിയ ഹെൽപ്പിംഗ് ഹാന്റ്'ൽ മയ്യനാട് ഹയർസെക്കന്ററി സ്കൂൾ സമർപ്പിച്ച പ്രോജക്ട് തിരഞ്ഞെടുക്കപ്പെട്ടു. ഇത് സ്കൂളിലെ കുട്ടികൾക്കിടയിൽ നടപ്പിലാക്കുകയും മികച്ച പ്രതികരണമുണ്ടാവുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ച കോളനികളിൽ നിന്നും എത്തുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ ഒരു സാമൂഹ്യ യാഥാർത്ഥ്യമാണ്. പല കുട്ടികൾക്കും പഠന പിന്നോക്കാവസ്ഥയുണ്ട്. എഴുത്തും വായനയും സാധിക്കാത്തവരുമുണ്ട്. ഈ കുട്ടികളെക്കൂടി ഉൾപ്പെടുത്തിയാണ് ഹെൽപ്പിംഗ് ഹാൻഡ് പ്രവർത്തനങ്ങൾ നടത്തുന്നത്.

## അക്കാദമിക / ഭൗതിക പരിമിതികൾ

- സ്കൂളിന് സമീപത്തായി അഞ്ചോളം സുനാമി കോളനികൾ ഉണ്ട്. ഈ കോളനികളിൽ നിന്നും എത്തുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ ഒരു സാമൂഹ്യ യാഥാർത്ഥ്യമാണ്. പല കുട്ടികൾക്കും പഠന പിന്നോക്കാവസ്ഥയുണ്ട്. എഴുത്തും വായനയും സാധിക്കാത്തവരുമുണ്ട്. ഈ കുട്ടികളെക്കൂടി ഉൾപ്പെടുത്തിയാണ് ഹെൽപ്പിംഗ് ഹാൻഡ് പ്രവർത്തനങ്ങൾ നടത്തുന്നത്. അതുപോലെ സാമൂഹ്യ പിന്നോക്കാവസ്ഥ യിലുള്ള ഈ കുട്ടികൾക്ക് മിക്കപ്പോഴും കൗൺസിലിംഗ് നൽകേണ്ടി വരുന്നു. ആവ ശ്യത്തിനുള്ള കൗൺസിലർമാരുടെ കുറവ് അനുഭവപ്പെടുന്നു.
- 1500 ൽ അധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിലെ ടോയ്‌ലറ്റ് സൗകര്യ ങ്ങൾ പര്യാപ്തമല്ല. പഞ്ചായത്ത് തലത്തിൽ ഇത് സംബന്ധിച്ച ആവശ്യം അറിയിച്ചി ട്ടുണ്ട്.
- കുട്ടികൾക്ക് മികച്ച ഉച്ചഭക്ഷണവും പ്രഭാതഭക്ഷണവും നൽകാൻ പരമാവധി ശ്രമി ക്കുന്നുണ്ടെങ്കിലും ഒരു നല്ല ഡൈനിംഗ് ഹാളിന്റെ കുറവുണ്ട്. ഇരവിപുരം എം.എൽ. എ. ശ്രീ. എം. നൗഷാദിന് ഇതു സംബന്ധിച്ച നിവേദനം നൽകിയിട്ടുണ്ട്.
- ഗ്രാമീണ വിദ്യാലയമായതിനാൽ സ്കൂളിനോട് ചേർന്നുള്ള ഇടവഴികൾ വിജനങ്ങ ളാണ്. സാമൂഹ്യവിരുദ്ധരടെയും ലഹരി മാഫിയയിൽപ്പെട്ടവരുടെയും സാമീപ്യമു ണ്ട്. എസ്.എം.സി. ഫലപ്രദമായി ഇടപെടുന്നുണ്ട്. പോലീസിനെയും എക്സൈസി നെയും വിവരങ്ങൾ അറിയിക്കാറുണ്ട്.

- എല്ലാ ക്ലാസ് മുറികളും ഡിജിറ്റൽ അല്ല. പ്രത്യേകിച്ചും യു.പി. ക്ലാസ്സുകൾ. മാനേജ്മെന്റ് ഇത് പരിഹരിക്കാൻ ശ്രമിക്കുന്നില്ല. അതുപോലെ ആവശ്യമുള്ള പ്രൊജക്ടറുകളും ഇല്ല.
- മികച്ച കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കമ്പ്യൂട്ടറുകളുടെ കുറവുണ്ട്.
- എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഒരു ആഡിറ്റോറിയത്തിന്റെ കുറവുണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & സോഷ്യൽ സയൻസ്
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക് നവീകരണം
- പഠനയാത്രകൾ
- സ്കൂൾ പത്രം, മാസിക
- പ്രവൃത്തി പരിചയ പരിശീലനം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- രക്തഗ്രൂപ്പ് നിർണയം
- ഭാഷാ ലാബ്
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- കായികശേഷി വികസനം
- ചോദ്യപേപ്പർ ശില്പശാല
- ജന്മദിന പുസ്തകം
- ചിത്രരചനാ ക്യാമ്പ്
- ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT പ്രവൃത്തി പരിചയ മേളകൾ

ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യ മായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിവും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.
- പാരിസ്ഥിതികാവബോധം സാമൂഹികാവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമഗ്രപഠന പുരോഗതി രേഖ തയ്യാറായി (Holistic Progress Document) ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയം

കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക.

- മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠന പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.
- മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തു പരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിപ്പിക്കേണ്ടതുണ്ട്. എൽ. പി, യു. പി. ക്ലാസ്സുകളിൽ കുട്ടുകളുടെ വായന, ആലാപനം, എഴുത്ത്, സ്വർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്.
- ആശയസ്വാംശീകരണം, ഗ്രഹണം എന്നിവയ്ക്കായി സാങ്കേതിക വിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്നുറപ്പാക്കുക.
- കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകരുടെ/ഓഫീസർമാരുടെ വിദ്യാലയ, ഭവനസന്ദർശനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG)/സബ്ജക്ട് കൗൺസിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ ചേരുകയും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാന ത്തിലും ആവശ്യമായ അക്കാദമിക ആസൂത്രണം നടത്തുക.
- നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കൽ ആസൂത്രണം ചെയ്ത് അത് നിർവഹിക്കുക.
- നിശ്ചിത ഇടവേളകളിൽ സ്കൂൾതല പഠനോത്സവങ്ങൾ നടത്തുക.

# മലയാളം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്കുള്ളത്. പാഠപുസ്തകങ്ങളിൽ നിന്ന് മാത്രമാകാതെ വായനയുടെ വ്യത്യസ്ത മേഖലകളിലേയ്ക്ക് പ്രവേശിക്കുന്നതിലൂടെ കുട്ടികളുടെ സർഗാത്മകമായ കഴിവ് വികസിക്കുന്നു. അറിവിന്റെ വിവിധ മണ്ഡലങ്ങളെ മാനുഷിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും വ്യത്യസ്തമായ ജീവിതാനുഭവങ്ങളെ അടുത്തറിയാനും വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ഇതിനായി നിരന്തര പ്രവർത്തനങ്ങളാണ് 2025-26 കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5-10 വരെ കുട്ടികളിൽ വായന ഉറപ്പിക്കുന്നതിന് | പിറന്നാളിനൊരു പുസ്തകം പിറന്നാൾ ദിവസം പിറന്നാളുകാരന് തെരഞ്ഞെടുത്ത കുട്ടി ഒരു പുസ്തകം നൽകുകയും അടുത്താഴ്ച ആ പുസ്തകത്തെക്കുറിച്ച് പിറന്നാളുകാരൻ പുസ്തകാവലോകനം എഴുതി ക്ലാസ്സുമുറിയിൽ വായിക്കുന്നു. | ജൂൺ-ആഗസ്റ്റ് | മലയാളം അധ്യാപകൻ, ഭാഷാക്ലബ്ബ് | |
| 2. ഗ്രഹിച്ച ആശയം എഴുത്ത് രൂപത്തിലാക്കുന്നതിനും മലയാളമെഴുത്ത് ഉറപ്പിക്കുന്നതിനും | വായനക്കുറിപ്പ് തയ്യാറാക്കൽ ഓരോ ക്ലാസ്സിലും ഒരു പുസ്തകം നൽകി എല്ലാവരും വായനക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. | മലയാളം അധ്യാപകൻ, ഭാഷാ ക്ലബ്ബ് | സെപ്റ്റംബർ - മാർച്ച് | |
| 3. ആസ്വാദനശേഷി വർധിപ്പിക്കുക. | ശില്പശാല കഥ, കവിത എന്നിവയുടെ ആസ്വാദന തലത്തിലേക്ക് കുട്ടിയെ നയിക്കുന്നതിന് വിദഗ്ധരെ കൊണ്ട് ശില്പശാല സംഘടിപ്പിക്കുന്നു. | അധ്യാപകർ എച്ച്. എം. പി.ടി.എ | ഡിസംബർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. സർഗാത്മകശേഷി വളർത്തുന്നതിന് | ചുവർ മാഗസിൻ.<br>ക്ലാസ് അടിസ്ഥാനത്തിൽ വിഷയം നൽകി കൊളാഷ്, കവിത, ചെറുകഥകൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ചാർട്ടിൽ ചുവർ മാഗസിൻ തയ്യാറാക്കി പ്രദർശനമേള സംഘടിപ്പിക്കുന്നു. | ഭാഷാ അധ്യാപകർ, ഭാഷാ ക്ലബ് | മാർച്ചിലെ പഠനോത്സവം | |
| 5. സർഗ്ഗാത്മകശേഷി, വായനാശേഷി, പ്രസിദ്ധീകരണത്തിന്റെ എഡിറ്റിംഗ് എന്നിവയിൽ വൈഭവം | 'സൃഷ്ടി' പ്രിന്റഡ് മാഗസിൻ സ്കൂളിൽ നിന്നും പ്രസിദ്ധീകരിക്കുന്നു. ലേഖനങ്ങൾ, കഥകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ജൂലൈ - ഫെബ്രുവരി | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി (UP വിഭാഗം)

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു. പി. വിഭാഗത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• (H.S വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ Pre-Test നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | June to August | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT (ആവശ്യമെങ്കിൽ Resource teachers) |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കാം.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി (UP വിഭാഗം)

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരിലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി (H.S വിഭാഗം) 2025-26

## മേഖല : അക്കാദമികം - ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ- ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ- നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന പ്രക്രിയകളായ എഴുത്തും വായനയും പ്രഥമ ലക്ഷ്യം ആകുന്നു. | യു. പി. ക്ലാസ്സുകളിൽ words, word card ഉം മറ്റു words pictures ഉപയോഗിച്ചും, English cornea story times, English Library, English Assembly, English cartoons etc. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | മലയാളം അധ്യാപകർ, ഇംഗ്ലീഷ് |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Role Play, Seminar Skit എന്നിവ | | | |
| 3. കവിതാലാപനത്തിനും, കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. | കവിതാരചന, ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. ആസ്വാദനക്കുറിച്ച് തയ്യാറാക്കുന്നു. | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | | |
| 4. ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet show, Speech etc. | ക്ലാസ് റൂം പ്രവർത്തനം | ഇംഗ്ലീഷ് അധ്യാപകർ | |
| 5. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. | പത്രവായന, പത്കവാർത്തകൾ തയ്യാറാക്കൽ, News reading competition അസംബ്ലി ന്യൂസ് വായിക്കൽ | ക്ലാസ് റൂം പ്രവർത്തനം, അസംബ്ലി | ഇംഗ്ലീഷ് അധ്യാപകർ | |
| 6. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | English Fest ആയി പതിനാല് വർഷമായി നടത്തി വരുന്ന English Enthusia | അക്കാദമിക വർഷം | എല്ലാ അധ്യാപകരും | |

## മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും :** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br>**വയൽ കിളികൾ :** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമി വർഷം മുഴുവനുമായി നട ത്തുന്നു. നിയമിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക.<br>3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **ഒന്നായി നമ്മൾ :** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>**സ്റ്റാർട്ട് അപ്പ് :** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | അക്കാദമി വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ<br>വർഷം മുഴുവനും | സാമൂഹ്യശാസ്ത അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ<br>പി.ടി.എ. മാനേജ്മെന്റ് |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത ക്ലബ്ബ് |

## മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | പട്ടുപാതയിലൂടെ : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ചരിത്ര കൊട്ടാരം : വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മേഖല　　　　　　　　　ഗണിതം

ഹൈസ്കൂൾ വിഭാഗം　　　　　അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 - 26

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ആശയം, ധാരണ കൈവരിക്കാൻ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് (ഹെൽപ്പ് ടെസ്ക്) | ജൂൺ ആദ്യ വാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ്, ബോക്സിന്റെ, ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കണം | തുടർ പ്രവർത്തനം | അധ്യാപകർ | |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുന്നു. | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | | അധ്യാപകർ | |
| 5 | സംഘബോധം ഉണ്ടാക്കാൻ | സംഘം പഠനം | തുടർ പ്രവർത്തനം | അധ്യാപകർ | |
| 6 | അധ്യാപകൻ കാലാനുസൃതമായി ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യ മാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്ന | തുടർ പ്രവർത്തനം | അധ്യാപകർ | |
| 7 | ഗണിത മത്സര വേദിയിലേക്ക് മേളകൾ എന്നിവയ്ക്ക് | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | മാസത്തിൽ ഒന്ന് | അധ്യാപകർ | |

# ഗണിതം

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 - 26

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. (ചതുഷ്ക്രിയകളായ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉറപ്പിക്കൽ) | ഗണിത ശിൽപ്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മുതൽ ജനുവരി മാസം വരെ | ഗണിത അദ്ധ്യാപിക | |
| 2 | ഗണിതത്തിൽ പിന്നോക്കം കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. ഗണിത പ്രതിഭകളെ വളർത്തുന്നതിന് മുന്നോക്കക്കാർക്കായി കൂടുതൽ നിലവാരമുള്ള വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്നു കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിതാധ്യാപകരും ഗിഫ്റ്റഡ് കുട്ടികളും | |
| 3 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | SRG | |
| 4 | രസകരമായ ഗണിത ശാസ്ത്ര പഠനവും കലചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |

# ഗണിതം

## അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 - 26

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ. പാഠ്യപദ്ധതിക്കനുസൃതമായ ജ്യാമിതീയ നിർമ്മിക്കൾ നൽകി. ഗണിതം ലളിതമാക്കൽ | വിദ്യാലയത്തിൽ ഒരു ഗണിത ലാബ് സജ്ജമാക്കൽ അവ ഉപയോഗിച്ചുള്ള അദ്ധ്യാപനം | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിത അദ്ധ്യാപകർ |
| 6 | ഗണിതത്തിലുള്ള വിജ്ഞാപനം വളർത്തൽ | ഗണിത ക്വിസ്സ് | എല്ലാ മാസവും | ഗണിത അദ്ധ്യാപകർ ഗണിത ക്ലബ്ബ് | |
| 7 | ഗണിതം ജീവിതവുമായി താരതമ്യം ചെയ്യാനുള്ള കഴിവ് വളർത്തൽ | ഗണിത പ്രോജക്ട് വീടുകളിലെ വരവ് ചെലവ് കണക്കാക്കൽ ഗണിത പതിപ്പുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 8 | ഗണിതമേളകളിൽ പങ്കാളിത്തം ഉറപ്പിക്കുന്നു | ഗണിതകളെ - പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |

# ACADEMIC MASTER PLAN - SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. **അത്ഭുത കണ്ണിലൂടെ :** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | • ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | • പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും | ” | ” | |
| | • ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ തയ്യാറാക്കി പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | ” | ” | |
| 2. **ശാസ്ത്രലോകത്തേക്ക് :** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | • ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു. | ” | ” | |
| | • വർഷത്തിൽ ഒരിക്കൽ കുട്ടികൾ നിർമിച്ച വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | ” | |
| | • ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | ” | ” | |
| | ശാസ്ത്രനാടകങ്ങൾ സംഘടിപ്പിക്കുന്നു. | ” | ” | |
| 3. **ഹൈടെക്ക് വേൾഡ് :** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | • ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | ” | |
| | • സയൻസ് ലാബ്, ഐ.ടി.ലാബ് ആധുനികവൽക്കരിക്കുന്നു. | ” | ” | |
| 4. **ആയുർരേഖ :** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | • കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | ” | | |
| | • തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ | | ” | |
| | • ഔഷധതോട്ടം, പച്ചക്കറി തോട്ടം നിർമ്മിക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. വൈജ്ഞാനിക ബഹ്യർസ്ഫുരണം : അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | • തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ<br>• ഔഷധതോട്ടം, പച്ചക്കറിതോട്ടം നിർമ്മിക്കൽ<br>• സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ്.<br>• സംസ്ഥാന തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>• പഠനയാത്ര സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>"<br>"<br>അക്കാദമിക വർഷം 1 തവണ<br>" | ആരോഗ്യ ക്ലബ്ബ്<br>ഹരിത സേന സീഡ്<br>സയൻസ് ക്ലബ്<br>"<br>"<br>"<br>" | |

# കലാരംഗം അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

**മേഖല : യു. പി. എച്ച്. എസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കലാവാസന ഉള്ള കുട്ടികളെ കണ്ടെത്തുക<br>2. കലാവാസന ഉള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഒരു ആർട്ട് ലാബ് തുടങ്ങു. | • കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകുക.<br>• സംഗീതത്തിലൂടെയും ചിത്രകലയിലൂടെയും കുട്ടികളുടെ സർഗ്ഗസിദ്ധമായ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ സാധി ക്കുന്നു. | ആദ്യത്തെ 3 ആഴ്ചകൾക്ക് ഉള്ളിൽ<br><br>ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | -<br><br>- |
| 3. ഓരോ പ്രഗത്ഭരായ സംഗീതജ്ഞരുടെയും ചിത്രകലാകാരുടെയും ദിനാചാരണങ്ങൾ | • കുട്ടികൾക്ക് ഇതിലൂടെ കലാരംഗത്ത് പ്രശസ്തരായവരേക്കുറിച്ച് മനസ്സിലാക്കാനുള്ള കഴിവ് കിട്ടുന്നു. | 1 വർഷത്തിൽ എല്ലാ മാസവും | | - |
| 4. ഉപകരണ സംഗീതം വായിക്കാൻ അറിയാവുന്ന കുട്ടികളെ കണ്ടെത്തുക. കലാമികവ് ഉള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക. കലോത്സവങ്ങളിൽ മറ്റും പങ്കെടുക്കാൻ വിദഗ്ദരേ കൊണ്ട് പ്രത്യേകം പരിശീലനം നൽകുക. | • ഇതിലൂടെ കുട്ടികൾക്ക് കലോത്സവങ്ങളിൽ മറ്റും അവരുടെ കഴിവുകൾ അവതരിപ്പിക്കാൻ അവസരം കിട്ടുന്നു. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000 |

# സംസ്കൃതം, അക്കാദമിക് മാസ്റ്റർ പ്ലാൻ, ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുന്ന |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>1. യു. പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാജ്ഞനം<br>• അക്ഷരമെഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്<br>• വാക്കുകളെഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കോർപ്പിക്കുക. | ജൂൺ- ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ്<br>അധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ- ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ്<br>അധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതുമായ ഉപയോഗിക്കുന്നതുമായ വസ്തുതകളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അലസത | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുന്ന |
|---|---|---|---|---|
| 3. വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരാൻ | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒറു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4. കരുക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാപഠനം നേട്ടങ്ങളാണ് | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണം നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>• എല്ലാ മാസവും ക്ലിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. അസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡി യോ കാണുന്നതിന് അവസരം നൽകുന്നു.<br>• കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാകൻ ആകണം. | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുന്ന |
|---|---|---|---|---|
| 7. പ്രത്യേക പരിഗണന അർഹിക്കുന്ന വർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേക പരിഗണന ആഗ്രഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകം ആക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26 സ്കൂൾ പ്രവർത്തന റിപ്പോർട്ട്

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹിക്കുന്ന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1. ആരോഗ്യ കായിക വിദ്യാഭ്യാസം | • സ്കൂൾ സ്പോർട്സ് ക്ലബ് രൂപീകരണം 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ നിന്ന് | ജൂൺ | സ്കൂൾതല സമിതി | ആവശ്യമില്ല | കുട്ടികളിൽ ലീഡർഷിപ്പ് ക്വാളിറ്റി വർധിപ്പിക്കുക. |
| 2. ആരോഗ്യ കായിക വിദ്യാഭ്യാസം | • എല്ലാ കുട്ടികളുടെയും BMI ശേഖരിക്കുക | ജൂൺ | സ്കൂൾതല സമിതി | ആവശ്യമില്ല | കുട്ടികളുടെ ഉയരവും ഭാരവും അളക്കുന്നതിനും അതിലൂടെ ശരീരത്തിലെ കൊഴുപ്പിന്റെ അളവ് കണ്ടെത്തുന്നതിനായി |
| 3. ആരോഗ്യകായിക വിദ്യാഭ്യാസം | • സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സ്കിപ്പിംഗ് പരിചയപ്പെടുത്തി ഹാർട്ട് റേറ്റ് പരിശോധിക്കാൻ പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | സ്കൂൾതല സമിതി | ഓരോ കുട്ടികളോടും സ്കിപ്പിംഗ് റോപ്പ് വാങ്ങാൻ ആവശ്യപ്പെടുന്നു ഇല്ലാത്ത കുട്ടികൾക്ക് സ്കൂളിൽ നിന്നും നൽകുന്നു. | ഓരോ കുട്ടികളോടും സ്കിപ്പിംഗ് റോപ്പ് വാങ്ങാൻ ആവശ്യപ്പെടുന്നു ഇല്ലാത്ത കുട്ടികൾക്ക് സ്കൂളിൽ നിന്നും നൽകുന്നു. |
| 4. ആരോഗ്യകായിക വിദ്യാഭ്യാസം | • ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാനും നിലനിർത്താനും വ്യത്യസ്തങ്ങളായ മൈനർ ഗെയിംസ് പരിചയപ്പെടുത്തുന്നു | ജൂൺ - ഫെബ്രുവരി | സ്കൂൾതല സമിതി | ആവശ്യമില്ല | വിവിധ മത്സരങ്ങളിൽ കുട്ടികളെ തയ്യാറാക്കുക |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹിക്കുന്ന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 5. ആരോഗ്യകായിക വിദ്യാഭ്യാസം | • അത്‌ലറ്റിക്, ഗെയിംസും ടീം സെക്ഷനും | ജൂൺ | സ്കൂൾതല സമിതി | ആവശ്യമില്ല | കുട്ടികളിൽ ലീഡർ ഷിപ്പ് ക്വാളിറ്റി വർധിപ്പിക്കുക. |
| 6. ആരോഗ്യകായിക വിദ്യാഭ്യാസം | • കുട്ടികളെ നാല് ഹൗസുകളായി തിരഞ്ഞെടുത്ത് INTER HOUSE മത്സരങ്ങൾ സംഘടിപ്പിക്കാം | ജൂൺ മുതൽ ജനുവരി വരെ | സ്കൂൾതല സമിതി | ആവശ്യമില്ല | സ്കൂളിലെ എല്ലാ കുട്ടികൾക്കും ഒരുപോലെ അവസരം ലഭിക്കുന്നതിനും ടീം സ്പിരിറ്റ് ഉണ്ടാകുന്നതിനും വേണ്ടി സഹായിക്കുന്നു |
| 7. ആരോഗ്യ കായിക വിദ്യാഭ്യാസം | • യോഗാദിനം ആചരിക്കുന്നതിനായി എല്ലാ കുട്ടികളെയും സൂര്യ നമസ്കാരം പഠിപ്പിച്ചു യോഗ ദിനത്തിൽ അവതരിപ്പിക്കുന്നു. | ജൂൺ 21 ന് | സ്കൂൾതല സമിതി | ആവശ്യമില്ല | യോഗയുടെ പ്രസക്തി എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് വേണ്ടിയും യോഗത്തിലൂടെ മാനസികവും ശാരീരികവുമായ പിരിമുറുക്കങ്ങൾ കുട്ടികളിൽ കുറയ്ക്കാൻ സഹായിക്കും |
| 8. ആരോഗ്യ കായിക വിദ്യാഭ്യാസം | • അന്താരാഷ്ട്ര ചെസ്സ് ദിനം | ജൂലൈ 20 ന് | സ്കൂൾ തല സമിതി | ആവശ്യമില്ല | ചെസ്സ് ദിനത്തോടനുബന്ധിച്ചു കുട്ടികളെ ക്ലാസ് തല ചെസ്സ് മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും മികച്ച ചെസ്സ് താരത്തെ കണ്ടെത്താൻ സഹായിക്കും |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹിക്കുന്ന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 9. ആരോഗ്യകായിക വിദ്യാഭ്യാസം | • കായിക ദിനം ആചരിക്കുകയും ഹോക്കി ലെജൻഡ് ധ്യാൻചന്ദിന്റെ സംഭാവനകൾ കുട്ടികളിൽ എത്തിക്കുന്നതിനായി സഹായിക്കും | ആഗസ്റ്റ് 29 | സ്കൂൾതല സമിതി | ആവശ്യമില്ല | കായിക ദിനത്തോടനുബന്ധിച്ചു കുട്ടികളെ ക്ലാസ് തല വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും കായിക ദിനത്തിന്റെ പ്രസക്തി എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് വേണ്ടി സഹായിക്കും. |
| 10. ആരോഗ്യകായിക വിദ്യാഭ്യാസം | • പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ടു എല്ലാ കുട്ടികൾക്കും ബോധവത്കരണ ക്ലാസ് നൽകും. | ഡിസംബർ 5 ന് മുൻപ് | സ്കൂൾതല സമിതി | ആവശ്യമില്ല | എല്ലാ കുട്ടികൾക്കും പ്രഥമ ശുശ്രൂഷയുടെ ആവശ്യകത മനസിലാക്കാൻ സാധിക്കും. |
| 11. ആരോഗ്യ കായിക വിദ്യാഭ്യാസം | • സ്കൂൾ സ്പോർട്സ് മീറ്റ് സബ്ജൂനിയർ, ജൂനിയർ, സീനിയർ (ഇൻക്ലൂസീവ് സ്പോർട്സ്) | ഡിസംബർ 10 | സ്കൂൾതല സമിതി | സ്കൂൾ പി.ടി.എ. ഫണ്ടിൽ നിന്നും | എല്ലാ കുട്ടികൾക്കും കായിക മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുന്നതിനുവേണ്ടി |
| 12. ആരോഗ്യ കായിക വിദ്യാഭ്യാസം | • സബ്ജില്ലാ, റവന്യൂ ജില്ല, സ്റ്റേറ്റ് നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം | സെപ്റ്റംബർ ഒക്ടോബർ നവംബർ | സ്കൂൾതല സമിതി | വിദ്യാഭ്യാസ വികസന സമിതി | വിജയം നേടുന്ന കുട്ടികൾക്ക് അവരെ പങ്കെടുപ്പിക്കാൻ |